# BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)

**KERALA CIRCLE**

**P&T House, Thiruvananthapuram 695001.**


സർക്കുലർ നമ്പർ: 32/2018-2020 തീയതി: 21-01-2019

# ശമ്പളപരിഷ്കരണം - പണിമുടക്ക് അനിവാര്യം

സഖാവെ,

കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ ശ്രീ മനോജ് സിൻഹയുമായി നടന്ന ചർച്ചയെ തുടർന്നാണ് പണിമുടക്ക് മാറ്റിവച്ചത്. തുടർന്ന് എയുഎബി നേതാക്കൾ ഡി.ഒ.ടി. അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ബി.എസ്.എൻ.എൽ. സി.എം.ഡി. എന്നിവരുമായി നിരന്തരം ചർച്ച നടത്തിവരികയാണ്. 4ജി സ്പെക്ട്രം, പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയ വിഷയങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. ഫെബ്രുവരി ആദ്യ ആഴ്ച ചേരുന്ന ഡിജിറ്റൽകമ്മ്യൂണിക്കേഷൻ (പഴയ ടെലികോം കമ്മീഷൻ) യോഗം ഈ വിഷയം ചർച്ചചെയ്യുമെന്നും അതിനുശേഷം ക്യാബിനറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുമെന്നും അഡീഷണൽ സെക്രറി ഉറപ്പു നൽകി. പെൻഷൻ കോൺട്രിബ്യൂഷൻ ധനമന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാകുന്നതിനു വേണ്ട നിരന്തര സമ്മർദ്ദം നടത്തിവരികയാണെന്നും അംഗീകാരം ലഭ്യമാകുമെന്നും സെക്രട്ടറി അറിയിച്ചു. പെൻഷൻ പരിഷ്കരണം ശമ്പളപരിഷ്കരണത്തിൽ നിന്നും വേർപ്പെടുത്തുമെന്ന് മന്ത്രി നൽകിയ ഉറപ്പ് പാലിക്കുന്നതിനുപകരം അനാവശ്യമായ തടസ്സവാദങ്ങൾ ഉന്നയിക്കുകയാണ് ഡി.ഒ.ടി.യിലെ ഉന്നത ഉദ്യോഗസ്ഥർ. ശമ്പളപരിഷ്കരണം എന്ന വിഷയത്തിൽ അനുകൂലമായ നിലപാട് ഡി.ഒ.ടി. സ്വീകരിച്ചുവെങ്കിലും പ്രശ്നം ഇപ്പോഴും സങ്കീർണ്ണമായി നിൽക്കുന്നു. ഡി.ഒ.ടി. അഡീഷണൽ സെക്രട്ടറിയും എയുഎബി നേതാക്കളും തമ്മിൽ ഈ ആഴ്ച ഒരു ചർച്ചകൂടി നടക്കുവാൻ സാദ്ധ്യതയുണ്ട്. ആ യോഗത്തിനുശേഷം എയുഎബി ഉചിതമായ തീരുമാനമെടുക്കും. ഇന്നത്തെ സാഹചര്യത്തിൽ പണിമുടക്കുമായി മുന്നോട്ടുപോകേണ്ടിവരും. അതുകൊണ്ട് ജില്ലാസെക്രട്ടറിമാരും ചുരുങ്ങിയ സമയത്തിനുള്ളിൽതന്നെ പണിമുടക്ക് സംഘടിപ്പിക്കുവാൻ തയ്യാറാകണമെന്ന് അഖിലേന്ത്യാ യൂണിയൻ ആഹ്വാനം ചെയ്യുന്നു.

## ദ്വിദിന പണിമുടക്ക്

2019 ജനുവരി 8,9 തീയതികളിൽ നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് നൽകണമെന്ന് (10-1-2018 സർക്കുലർ നമ്പർ 31) ആവശ്യപ്പെട്ടിരുന്നു. മലപ്പുറം ജില്ല ഒഴികെ ആരും തന്നെ റിപ്പോർട്ട് നൽകിയിട്ടില്ല. വിശദമായ റിപ്പോർട്ട് നൽകുവാൻ അഖിലേന്ത്യാ യൂണിയൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അഖിലേന്ത്യാ തലത്തിൽ പണിമുടക്ക് റിവ്യൂനടത്തുന്നതിനും നമ്മുടെ ശക്തിയും ദൗർബ

ല്യവും പരിശോധിക്കുന്നതിനും താഴെപ്പറയുന്ന തരത്തിലുള്ള റിപ്പോർട്ട് അടിയന്തിരമായി നൽകണമന്ന് 12-1-2019 ലും 19-1-2019 ലും കൂടിയ അഖിലേന്ത്യാ സെന്റർ തീരുമാനിച്ച് അറിയിച്ചിട്ടുണ്ട്.  അതുകൊണ്ട് ജില്ലയിലെ ആകെ നോൺ എക്സിക്യൂട്ടീവ് ജീവനക്കാർ, പണിമുടക്കിൽ പങ്കെടുത്തവർ ലീവ്, ജോലിക്ക് ഹാജരായവർ (സംഘടന തിരിച്ച്), പണിമുടക്കുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ, യോഗങ്ങൾ/കൺവെൻഷൻ, പ്രിന്റ് ചെയ്ത നോട്ടീസ്/പോസ്റ്ററുകളുടെ എണ്ണം എന്നിവ ജനുവരി 25-ന് മുൻപ് സർക്കിൾ യൂണിയന് നൽകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു. ജില്ലകളിൽ ചുമതലയുള്ള സംസ്ഥാന ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം.

**റിക്കവറി തുക:**

ബി.എസ്.എൻ.എൽ. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്യുന്ന ബാങ്ക് ലോൺ, ജി.പി.എഫ്, ഇ.പി.എഫ്, എച്ച്.ബി.എ., എൽ.ഐ.സി. തുടങ്ങിയ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ യഥാസമയം അടയ്ക്കണമെന്നും അതിനാവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്നും സി.ജി.എം.നോട് ആവശ്യപ്പെട്ടിട്ടുണ്ട്.  പെൻഷൻ ആകുന്നവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവേണമെന്നും ആവശ്യപ്പെട്ടിരുന്നു.  നമ്മൾ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കിൾ അധികാരികളും, അഖിലേന്ത്യാ യൂണിയനും ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് സി.എം.ഡി.യോട് ആവശ്യപെട്ടിട്ടുണ്ട്.

**ടവ്വർ തുക:**

സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ജീവനക്കാർക്ക് വർഷംതോറും ലഭിക്കുന്ന ടവ്വർ ഉപേക്ഷിക്കണമെന്ന സർക്കിൾ മാനേജ്മെന്റിന്റെ ഏകപക്ഷീയമായ തീരുമാനം അംഗീകരിക്കാൻകഴിയില്ലെന്ന് ബന്ധപെട്ടവരെ സർക്കിൾ യൂണിയൻ അറിയിച്ചിട്ടുണ്ട്.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**

സർക്കിൾ സെക്രട്ടറി.